**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3247 | 19.06.2019 ൽ മറുപടിക്ക്

**അനധികൃതമായ ഫ്ലക്സ് ബോർഡുകൾ**

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ. ആർ. രാമചന്ദ്രൻ** | | **എ.സി.മൊയ്തീൻ (തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)** |
| എ) | സംസ്ഥാന പാതയോരങ്ങളിൽ അനധികൃതമായി ഫ്ലക്സ് ബോർഡുകൾ സ്ഥാപിക്കുന്നത് ഗതാഗതത്തിനും ആൾ സഞ്ചാരത്തിനും ബുദ്ധിമുട്ടുണ്ടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) | ഇത് നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത് എന്ന് വിശദീകരിക്കുമോ; | ബി) WP(C) 22750, 25784 & 42574/2018-മേൽ ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച ഇടക്കാല ഉത്തരവുകളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് അനധികൃതവും അപകടകരവും ഗതാഗതത്തിന് ബുദ്ധിമുട്ടുണ്ടാക്കുന്ന തരത്തിലും സ്ഥാപിച്ചിട്ടുള്ള പരസ്യബോർഡുകൾ/ഹോർഡിങ്ങുകൾ/ബാനറുകൾ ഉടങ്ങിയവ അടിയന്തരമായി നീക്കം ചെയ്യുന്നതിന് വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ ഉൾക്കൊള്ളുന്ന സർക്കുലറുകൾ സർക്കാർ തലത്തിലും വകുപ്പ്തലത്തിലും പുറപ്പെടുവിക്കുകയും ആയത് പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപടി സ്വീകരിച്ചു വരികയും ചെയ്യുന്നുണ്ട്. പ്രവർത്തനങ്ങൾ അവലോകനം ചെയ്യാനും ഏകോപിപ്പിക്കുവാനും സംസ്ഥാന-ജില്ലാതലങ്ങളിൽ ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അനധികൃതമായി പരസ്യബോർഡുകൾ/ഹോർഡിങ്ങുകൾ/ബാനറുകൾ സ്ഥാപിക്കുന്നവരിൽ നിന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പിഴ ഈടാക്കിവരുന്നു. |
| സി) | പ്രകൃതിക്ക് അത്യന്തം നാശമുണ്ടാക്കുന്ന വിനൈൽ ഫ്ലക്സുകളുടെ ഉത്പാദനം നിയന്ത്രിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | സി) നടപടി സ്വീകരിക്കുന്നതാണ് |
| ഡി) | ഗ്രാമ പഞ്ചായത്ത്, നഗരസഭാ മേഖലകളിൽ പരസ്യങ്ങൾ സ്ഥാപിക്കുന്നതിന് നിശ്ചിത ഫീസ് ഈടാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ? | ഡി) ഗ്രാമ പഞ്ചായത്ത്, നഗരസഭാ മേഖലകളിൽ പരസ്യങ്ങൾ സ്ഥാപിക്കുന്നതിനുള്ള ഫീസ് ഘടന ഏകോപിപ്പിക്കുന്നത് ഉൾപ്പെടെയുള്ള നിബന്ധനകൾ ഉൾപ്പെടുത്തിക്കൊണ്ട് ചട്ടം ഭേദഗതി ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ